**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1496** **03-02-2026 - ൽ മറുപടിയ്ക്ക്**

**ഹൈസ്കൂൾ അദ്ധ്യാപകരുടെ എച്ച്. എസ്. എസ്. ടി. തസ്തികമാറ്റനിയമനവും കെ-ടെറ്റും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | യോഗ്യരായ ഹൈസ്കൂൾ അദ്ധ്യാപകർക്ക് തസ്തികമാറ്റം വഴി ഹയർ സെക്കന്ററിയിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | സർക്കാർ ഹൈസ്കൂൾ അദ്ധ്യാപകരുടെ ഹയർ സെക്കൻഡറിയിലേക്കുള്ള തസ്തികമാറ്റ നിയമനത്തിന്, കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായം ബാധകമാക്കുന്നത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റേയും നിയമ വകുപ്പിന്റേയും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ, പൊതുനിർദേശം നൽകികൊണ്ട് സ്ഥാനക്കയറ്റ നടപടികൾ ത്വരിതപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | പൊതുവിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ സേവനത്തിൽ പത്ത് വർഷം പൂർത്തിയാക്കിയ അദ്ധ്യാപകർക്ക് നിലവിലുള്ള യോഗ്യതകൾ പ്രകാരം തസ്തികമാറ്റം വഴി ഹയർ സെക്കന്ററി ജൂനിയർ ടീച്ചറായി നിയമനം നല്കുന്നതിനും ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനും കെ-ടെറ്റ് നിർബന്ധമാക്കിക്കൊണ്ട് കോടതിവിധികളോ സർക്കാർ ഉത്തരവുകളോ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശംങ്ങൾ ലഭ്യമാക്കാമോ; | (ബി) | സർക്കാർ ഹൈസ്കൂൾ അദ്ധ്യാപകരുടെ ഹയർ സെക്കൻഡറിയിലേക്കുള്ള തസ്തികമാറ്റ നിയമനത്തിന്, കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായം ബാധകമാക്കുന്നത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റേയും നിയമ വകുപ്പിന്റേയും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ, പൊതുനിർദേശം നൽകികൊണ്ട് സ്ഥാനക്കയറ്റ നടപടികൾ ത്വരിതപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | 01.9.2025 ലെ ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് സംബന്ധിച്ച ബഹു. സുപ്രീംകോടതി ഉത്തരവിന് മുൻപ്, യോഗ്യരായ ഹൈസ്കൂൾ അദ്ധ്യാപകരിൽ നിന്നും തസ്തികമാറ്റം വഴി ഹയർ സെക്കന്ററി ജൂനിയർ ടീച്ചർ തസ്തികയിലേക്ക് നിയമനം ലഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കിയെങ്കിലും നിയമനം ആരംഭിക്കാത്ത സ്ഥിതിയിലാണ് എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; പ്രസ്തുത തസ്തികമാറ്റ നിയമനത്തിന് തടസമായിട്ടുള്ള നിയമപരവും സാങ്കേതികവുമായ പ്രശ്നങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (സി) | ഉണ്ട്. കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ലാത്ത ഹൈസ്കൂൾ അധ്യാപകരെ തസ്തികമാറ്റം വഴി ഹയർ സെക്കൻഡറി ജൂനിയർ ടീച്ചർ തസ്തികയിലേക്കുള്ള നിയമനത്തിന് ബഹു. സുപ്രീം കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ പരിഗണിക്കാനാകാത്തത് നിയമപരവും സാങ്കേതികവുമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഹയർ സെക്കൻഡറിയിലേക്കുള്ള തസ്തികമാറ്റ നിയമനത്തിന് കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായം ബാധകമാക്കുന്നത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെയും നിയമ വകുപ്പിന്റെയും നിയമോപദേശത്തിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ പൊതുനിർദേശം നൽകികൊണ്ട് സ്ഥാനക്കയറ്റ നടപടികൾ ത്വരിതപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഡി) | 1.09.2025 ലെ ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് സംബന്ധിച്ച ബഹു. സുപ്രീം കോടതി വിധിക്ക് ശേഷം അതേ വിഷയം സംബന്ധിച്ച്, സംസ്ഥാനം നടത്തുന്ന ഒരു യോഗ്യതാപരീക്ഷ വിജയിച്ച അദ്ധ്യാപകർ കെ-ടെറ്റ് യോഗ്യത ഇല്ലെങ്കിലും പ്രസ്തുത നിയമനത്തിന് യോഗ്യരാണെന്ന് വ്യക്തമാക്കിക്കൊണ്ട് 31.10.2025 ന് ബഹു. സുപ്രീം കോടതി (എസ്. എൽ. പി. (സി) നം. 22164) ഉത്തരവായത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിധി പരിഗണിച്ച് എച്ച്. എസ്. എസ്. ടി. തസ്തികമാറ്റ നിയമനങ്ങൾ നടത്താൻ കഴിയുമോയെന്ന് അറിയിക്കാമോ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ